**കേരളസർക്കാർ**
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477 2251349; ഇ-മെയിൽ: prdalppy@gmail.com, വെബ്സൈറ്റ്: www.prd.kerala.gov.in

---

**പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' 2017 ഓഗസ്റ്റ് 10 വ്യാഴം**

# വനിതാ കമ്മിഷൻ മെഗാഅദാലത്ത് ഓഗസ്റ്റ് 24ന്

ആലപ്പുഴ: കേരള വനിതാ കമ്മീഷൻ മെഗാ അദാലത്ത് ഓഗസ്റ്റ് 24ന് ജില്ലാ പഞ്ചായത്ത് ഹാളിൽ നടക്കും. രാവിലെ 10.30 നാണ് അദാലത്ത്.

(പി.എൻ.എ. 1950/17)

# ക്വട്ടേഷൻ ക്ഷണിച്ചു

ആലപ്പുഴ: ഗവൺമെന്റ് നഴ്സിങ് കോളജിൽ ന്യൂട്രീഷൻ ലാബിലേക്ക് ആവശ്യമായ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ക്വട്ടേഷനുകൾ ക്ഷണിച്ചു. ഓഗസ്റ്റ് 12ന് രാവിലെ 11 ന് പ്രിൻസിപ്പൽ, നഴ്സിങ് കോളജ്, ആലപ്പുഴ എന്ന വിലാസത്തിൽ നൽകണം. വിശദവിവരത്തിന് ഫോൺ: 0477 2283364.

(പി.എൻ.എ. 1951/17)

# ഐ.എച്ച്.ആർ.ഡി. എൻജിനീയറിങ് കോളജുകളിൽ പ്രവേശനം

ആലപ്പുഴ: കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ എറണാകുളം, ചെങ്ങന്നൂർ, കരുനാഗപ്പള്ളി, ചേർത്തല, അടൂർ, കല്ലൂപ്പാറ, പൂഞ്ഞാർ, കൊട്ടാരക്കര, ആറ്റിങ്ങൽ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന എൻജിനീയറിങ് കോളജുകളിലേക്ക് ഓഗസ്റ്റ് ഒമ്പതു മുതൽ 15 വരെയുള്ള അതത് കോളജുകളിൽ സ്പോട്ട് അഡ്മിഷൻ നടത്തും. വിദ്യാർഥികൾ രക്ഷിതാവിനോടൊപ്പം അഡ്മിഷൻ നേടാനാവശ്യമായ രേഖകളായ എൻട്രൻസ് പരീക്ഷ റാങ്ക് സർട്ടിഫിക്കറ്റ്, യോഗ്യത സർട്ടിഫിക്കറ്റ്, ടി.സി, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ഫീസ് തുടങ്ങിയവ സഹിതം കോളജ് പ്രിൻസിപ്പൽ മുമ്പാകെ ഹാജരാകണം. മോഡൽ എൻജിനീയറിങ് കോളജ് എറണാകുളം, (8547005002), എൻജിനീയറിങ് കോളജ് ചെങ്ങന്നൂർ (8547005032), എൻജിനീയറിങ് കോളജ് കരുനാഗപ്പള്ളി (8547005036), എൻജിനീയറിങ് കോളജ് ചേർത്തല (8547005038), എൻജിനീയറിങ് കോളജ് അടൂർ (8547005100), എൻജിനീയറിങ് കോളജ് കല്ലൂപ്പാറ (8547005034) എൻജിനീയറിങ് കോളജ് പൂഞ്ഞാർ (8547005035)

എൻജിനീയറിങ് കോളജ് കൊട്ടാരക്കര(8547005039) എൻജിനീയറിങ് കോളജ് ആറ്റിങ്ങൽ (8547005037).

(പി.എൻ.എ. 1952/17)

# ആലപ്പുഴ-കൊല്ലം ബോട്ട് സർവീസ് പുനരാരംഭിച്ചു

ആലപ്പുഴ: ജലഗതാഗത വകുപ്പിന്റെ ആലപ്പുഴ-കൊല്ലം സർവീസ് പുനരാരംഭിച്ചു. കഴിഞ്ഞ ദിവസം കൊല്ലത്തുനിന്നും സർവീസ് പുനരാരംഭിച്ചു. ഒന്നിടവിട്ട ദിവസങ്ങളിൽ ആലപ്പുഴയിൽ നിന്നും കൊല്ലത്തു നിന്നും രാവിലെ 10.30 ന് സർവീസ് പുറപ്പെട്ട് വൈകിട്ട് 6.30 ന് കൊല്ലത്തും ആലപ്പുഴയിലും ബോട്ട് എത്തും.

(പി.എൻ.എ. 1953/17)

# എം.ടെക്./ബി.ടെക്. സ്പോട്ട് അഡ്മിഷൻ

ആലപ്പുഴ: പുന്നപ്ര എൻജിനീയറിങ് ആൻഡ് മാനേജ്മെന്റ് കോളജിൽ ഒഴിവുള്ള എം.ടെക്, ബി.ടെക്, ലാറ്ററിൽ എൻട്രി, മെറിറ്റ് മാനേജ്മെന്റ്. എൻ.ആർ.ടള. സീറ്റുകളിലേക്കുള്ള പ്രവേശനം ഓഗസ്റ്റ് 15 വരെ അതത് കോളജിൽ നടത്തും. മുട്ടത്തറ എൻജിനീയറിങ് കോളജ്- 0471- 2500211, പത്തനാപുരം എൻജിനീയറിങ് കോളജ്-0475-2022810, പെരുമൺ എൻജിനീയറിങ് കോളജ് - 0474 2550500, പുന്നപ്ര എൻജിനീയറിങ് കോളജ് -0477 2267311, കിടങ്ങൂർ എൻജിനീയറിങ് കോളജ് - 0482- 2256056, ആറൻമുള എൻജിനീയറിങ് കോളജ് - 0468- 2319131.

(പി.എൻ.എ. 1954/17)

# ഡ്രൈവിങ് പരിശീലനം

ആലപ്പുഴ: ട്രാൻസ്ജെൻഡർമാർക്ക് ഡ്രൈവിങ് പരിശീലനം നൽകുന്നു. ജില്ലയിലെ ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് അപേക്ഷിക്കാം. ജില്ലാ സാമൂഹികനീതി ഓഫീസിൽ അപേക്ഷ നൽകണം. വിശദവിവരങ്ങൾക്ക് ജനറൽ ആശുപത്രിക്ക് സമീപം പ്രവർത്തിക്കുന്ന ജില്ലാ സാമൂഹികനീതി ഓഫീസുമായി ബന്ധപ്പെടാം. ഫോൺ: 0477-2253870.

(പി.എൻ.എ. 1955/17)

# ജലസ്രോതസുകളുടെ വിവരശേഖരണം; പരിശീലനത്തിന് തുടക്കം

ആലപ്പുഴ: സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ നടത്തുന്ന പരിസ്ഥിതി സാക്ഷരതാ പരിപാടിയുടെ ഭാഗമായി ജലസ്രോതസുകളുടെ വിവരശേഖരണം നടത്തും. ഇതിനായി ജനപ്രതിനിധികൾക്കും പ്രേരക്മാർക്കും പരിശീലനം നൽകി. ചേർത്തല മേഖലയിലെ പരിശീലന പരിപാടി പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വത്സല തമ്പി ഉദ്ഘാടനം

ചെയ്തു. വൈസ് പ്രസിഡന്റ് സി.ടി. വിനോദ് അദ്ധ്യക്ഷനായി. സാക്ഷരതാ മിഷൻ ജില്ലാ പ്രോജക്ട് കോർഡിനേറ്റർ കെ.വി. രതീഷ്, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങളായ കൈനകരി സുരേന്ദ്രൻ, കമൽദേവ്, ബ്ലോക്ക് നോഡൽ പ്രേരക് കെ. പ്രദീപ്കുമാർ എന്നിവർ പ്രസംഗിച്ചു. ആലപ്പുഴ മേഖലയിലെ പരിശീലനം ഇന്ന് ( ഓഗസ്റ്റ് 11) ജില്ലാ പഞ്ചായത്ത് ഹാളിൽ നടക്കും. കായംകുളം മേഖലയിലെ പരിശീലനം ശനിയാഴ്ചയും നടക്കും.

(പി.എൻ.എ. 1956/17)

# ജില്ലാ തുടർവിദ്യാഭ്യാസ സംഘാടക സമിതി രൂപീകരണം ഇന്ന് (ഓഗസ്റ്റ് 11)

ആലപ്പുഴ: സാക്ഷരതാ മിഷന്റെ തുല്യതാ പഠിതാക്കൾക്കും പ്രേരക്മാർക്കുമായുള്ള ജില്ലാ തുടർവിദ്യാഭ്യാസ കലോത്സവം പട്ടണക്കാട് ബ്ലോക്കിൽ നടത്തും. സംഘാടക സമിതി രൂപീകരണ യോഗം ഇന്ന് (ഓഗസ്റ്റ് 11) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി. വേണുഗോപാൽ ഉദ്ഘാടനം ചെയ്യും. പ്രായമേറിയ തുല്യതാ പഠിതാക്കൾക്ക് തങ്ങളുടെ സർഗ്ഗശേഷികൾ മാറ്റുരയ്ക്കാൻ ലഭിക്കുന്ന അപൂർവ്വ അവസരമാണ് തുടർവിദ്യാഭ്യാസ കലോത്സവം. മൂന്ന് വിഭാഗങ്ങളിലായിട്ടാണ് മത്സരങ്ങൾ നടക്കുക. ബ്ലോക്ക്, നഗരസഭാതലങ്ങളിൽ ഒന്നാം സ്ഥാനം നേടിയവരാണ് ജില്ലാ കലോത്സവത്തിൽ പങ്കെടുക്കുക. രണ്ട് ദിവസങ്ങളിലായി നടക്കുന്ന കലോത്സവത്തിൽ ആയിരത്തിലധികം പഠിതാക്കൾ പങ്കെടുക്കും.

(പി.എൻ.എ. 1957/17)

# പാതയോരത്തെ പരസ്യ ബോർഡുകൾ നീക്കം ചെയ്യും

ആലപ്പുഴ: റോഡ് സുരക്ഷയ്ക്ക് ഭീഷണിയായി നിൽക്കുന്ന ഫ്ളക്സ് ബോർഡുകൾ, തോരണങ്ങൾ എന്നിവ അടിയന്തരമായി നീക്കം ചെയ്യണമെന്ന് കളക്ട്രേറ്റിൽ ചേർന്ന റോഡ് സുരക്ഷാ കൗൺസിൽ യോഗത്തിൽ ജില്ലാ കളക്ടർ വീണ എൻ. മാധവൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. കെ.എസ്.ഇ.ബി. ഇലക്ട്രിക് പോളുകളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങളും നീക്കം ചെയ്യും. കായംകുളം ഒ.എൻ.കെ. ജംഗഷൻ മുതൽ ഉമ്മർമുക്ക് വരെയുള്ള ഓട റോഡു നിരപ്പിൽ നിന്ന് താഴ്ന്നു കിടക്കുന്നതു മൂലം അപകടങ്ങൾ പതിവാകുന്ന സാഹചര്യത്തിൽ നടപ്പാത ഗ്രാവൽ ഇട്ടുയർത്തി ടാറിംഗ് നടത്തണമെന്ന് കൗൺസിൽ നിർദ്ദേശിച്ചു.

ഗതാഗത നിയമം പാലിക്കാതെ രൂപമാറ്റം വരുത്തി ഉപയോഗിക്കുന്ന ബൈക്കുടമകൾക്കെതിരെ കർശന നടപടി സ്വീകരിക്കും. ദേശീയ പാതയിൽ നങ്ങ്യാർകുളങ്ങര മുതൽ കായംകുളം ഒ.എൻ.കെ. ജംഗഷൻ വരെ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന് ഹരിപ്പാട് ഇലക്ട്രിക്കൽ ഡിവിഷൻ സമർപ്പിച്ച എസ്റ്റിമേറ്റ് കൗൺസിൽ അംഗീകരിച്ചു. പാതിരപ്പള്ളി ജംഗ്ഷനിൽ സിഗ്നൽ ലൈറ്റ് ,സ്ഥാപിക്കുന്നതു സംബന്ധിച്ച് സാധ്യതാ പഠനം നടത്തുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തും. ആ്. പ്രതിഭാഹരി എം.എൽ.എ.യുടെ നിർദ്ദേശപ്രകാരം കായംകുളം പട്ടണത്തിൽ സിഗ്നൽലൈറ്റ് സ്ഥാപിക്കുന്നതിന് ജോയിന്റ് ആർ.ടി.ഒ. സമർപ്പിച്ച റിപ്പോർട്ടും കെൽട്രോൺ സമർപ്പിച്ച എസ്റ്റിമേറ്റും കൗൺസിൽ അംഗീകരിച്ചു.

ചേർത്തല ഒറ്റപ്പുന്ന ജംഗ്ഷനിൽ സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളും പൂർത്തിയായി. മന്ത്രി ജി. സുധാകരന്റെ നിർദ്ദേശപ്രകാരം കാക്കാഴം മേൽപ്പാലത്തിൽ

ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റിനും അംഗീകാരം നൽകി. ജില്ലാ പൊലീസ് മേധാവി, റീജണൽ ട്രാൻസ്പോർട്ട് ഓഫീസർ, പൊതുമരാമത്ത് എക്സിക്യൂട്ടീവ് എൻജിനീയർ തുടങ്ങിയവർ പങ്കെടുത്തു.

(പി.എൻ.എ. 1958/17)

# നെഹ്റു ട്രോഫി വിളംബരജാഥയ്ക്ക് തുടക്കം; ജില്ലാ കളക്ടർ ഫ്ളാഗ് ഓഫ് ചെയ്തു

ആലപ്പുഴ: നെഹ്റുവിന്റെ കൈയൊപ്പുപതിഞ്ഞ നെഹ്റു ട്രോഫിയുമായി അഞ്ചു ജില്ലകളിലൂടെയുള്ള വിളംബരജാഥ പര്യടനം ആരംഭിച്ചു. 65-ാമത് നെഹ്റു ട്രോഫി വള്ളംകളിയുടെ പ്രചാരണാർത്ഥം ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പും നെഹ്റു ട്രോഫി പബ്ലിസിറ്റി കമ്മിറ്റിയും ചേർന്ന് സംഘടിപ്പിക്കുന്ന വിളംബര ജാഥ ജില്ലാ കളക്ടർ വീണ എൻ. മാധവൻ ഫ്ളാഗ് ഓഫ് ചെയ്തു.

എൻ.റ്റി.ബി.ആർ. സെക്രട്ടറിയായ ആർ.ഡി.ഒ. എസ്. മുരളീധരൻപിള്ള, പ്രസ്ക്ലബ് സെക്രട്ടറി ജി. ഹരികൃഷ്ണൻ, പബ്ലിസിറ്റി കമ്മിറ്റി കൺവീനറായ ജില്ലാ ഇൻഫർമേഷൻ ഓഫീസർ ചന്ദ്രഹാസൻ വടുതല, ഐ.റ്റി. കമ്മിറ്റി കൺവീനറായ ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ പി. പാർവതീദേവി, പബ്ളിസിറ്റി കമ്മിറ്റിയംഗങ്ങളായ നഗരസഭാംഗം എ.എം. നൗഫൽ, ഹരികുമാർ വാലേത്ത്, കെ. നാസർ, പ്രസ്ക്ലബ് ട്രഷറർ ജി. അനിൽകുമാർ, രമേശൻ ചെമ്മാപറമ്പിൽ, എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം ജോസ് കാവനാട്, ജോണി മുക്കം എന്നിവർ പങ്കെടുത്തു.

വിവിധ കാലങ്ങളിലെ നെഹ്റു ട്രോഫി ജലമേളയുടെ 45 ഓളം ഫോട്ടോകൾ ജലോത്സവത്തിന്റെ ചരിത്രം രേഖപ്പെടുത്തിയ ഫോട്ടോ-വീഡിയോ പ്രദർശനം നാടകാചാര്യൻ കാവാലം നാരായണപ്പണിക്കർ രചിച്ച ഉണർത്തുപാട്ട്, നെഹ്റു ട്രോഫി ഡോക്യുമെന്ററി എന്നിവ പ്രദർശിപ്പിച്ചിട്ടുള്ള വിളംബര ജാഥാ വാഹനം അമ്പലപ്പുഴ ബസ് സ്റ്റാൻഡ്, ഹരിപ്പാട്, തോട്ടപ്പള്ളി ജങ്ഷൻ, ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ്, നങ്യാർകുളങ്ങര ജങ്ഷൻ, കായംകുളം കെ.എസ്.ആർ.ടിസി. ബസ് സ്റ്റാൻഡ്, കരുനാഗപ്പള്ളി, ചവറ, കൊല്ലം കളക്ട്രേറ്റ്, പത്തനംതിട്ട കളക്ട്രേറ്റ്, ടൗൺ എന്നിവിടങ്ങളിൽ പര്യടനം നടത്തി. ഇന്ന് (ഓഗസ്റ്റ് 11) കോട്ടയം, എറണാകുളം ജില്ലകളിൽ തിരുവല്ല, ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ്, ചിങ്ങവനം, കോട്ടയം പ്രസ്ക്ലബ്, കളക്ട്രേറ്റ്, തിരുനക്കര, താഴത്തങ്ങാടി, കുമരകം, തലയാഴം, ഉല്ലല, വൈക്കം, വൈറ്റില, ഇടപ്പള്ളി, എറണാകുളം എന്നിവിടങ്ങളിൽ പര്യടനം നടത്തും. നാളെ(ഓഗസ്റ്റ് 12ന്) അരൂർ, ചേർത്തല, തണ്ണീർമുക്കം, കലവൂർ എന്നിവിടങ്ങളിൽ പര്യടനം നടത്തുന്ന ജാഥ ആലപ്പുഴയിൽ സമാപിക്കും.

(പി.എൻ.എ. 1959/17)

# ഗ്രീൻ പ്രോട്ടോക്കാൾ: പരിശീലനം ഇന്ന്

ആലപ്പുഴ: ഹരിതകേരളം-മാലിന്യത്തിൽ നിന്നു സ്വാതന്ത്ര്യം കാമ്പയിന്റെ ഭാഗമായി സർക്കാർ ഓഫീസുകളിലെ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള ഗ്രീൻ

പ്രോട്ടോക്കാൾ കോർ കമ്മിറ്റി അംഗങ്ങൾ, ഓഫീസ് തല കമ്മിറ്റി അംഗങ്ങൾ എന്നിവർക്കുള്ള ബോധവത്കരണപരിശീലനം ഇന്ന് വൈകിട്ട് മൂന്നിന് ദേശീയ സമ്പാദ്യ ഭവൻ ഹാളിൽ നടക്കും.

(പി.എൻ.എ. 1960/17)

# നെഹ്റു ട്രോഫി: സാംസ്കാരിക പരിപാടികൾ ഇന്നു സമാപിക്കും

ആലപ്പുഴ: 65-ാമത് നെഹ്റു ട്രോഫി വള്ളംകളി മത്സരത്തിന്റെ ഭാഗമായി നടന്നു വരുന്ന സാംസ്കാരിക പരിപാടികൾ ഇന്ന് (ഓഗസ്റ്റ് 11) സമാപിക്കും. നഗര ചത്വരത്തിൽ വൈകിട്ട് 5.30 ന് നടക്കുന്ന സമാപന സമ്മേളനം ധനകാര്യ വകുപ്പ് മന്ത്രി ഡോ. തോമസ് ഐസക് ഉദ്ഘാടനം ചെയ്യും. നഗരസഭാ ചെയർമാൻ തോമസ് ജോസഫ് ആധ്യക്ഷ്യം വഹിക്കും.

ചലച്ചിത്ര പിന്നണി ഗാനരചിയതാവ്  രാജീവ് ആലുങ്കൽ വിശിഷ്ടാതിഥി ആയിരിക്കും. മുൻ എം.എൽ.എ.മാരായ അഡ്വ. ഡി. സുഗതൻ, സി.കെ. സദാശിവൻ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ദലീമ ജോജോ, കൗൺസിലർമാരായ സീനത്ത് നാസർ, ആർ. ഹരി, സജിന ഹാരിസ്, റമിസത്ത്, ആർ.ആർ. ജോഷിരാജ്, സലീം കുമാർ ഐ. ലത, ജയപ്രസാദ്, എന്നിവർ സംസാരിക്കും. ആരോഗ്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ ബി. മെഹബൂബ് സ്വാഗതവും കൗൺസിലർ കെ.എ. സാബു നന്ദിയും പറയും.

ഹയർ സെക്കൻഡറി കോളജ് തലത്തിൽ നടന്ന രചനാ മത്സര വിജയികൾക്കുള്ള സമ്മാനങ്ങളും പബ്ളിസിറ്റി കമ്മിറ്റി നടത്തിയ നിറച്ചാർത്ത്, മുഖചിത്രണ മത്സര വിജയികൾ ക്കുള്ള സമ്മാനവും വിതരണം ചെയ്യും. വൈകിട്ട് ഏഴിന് ശരീര സൗന്ദര്യ പ്രദർശനം, പിന്നണി ഗായിക ജ്യോത്സന, മിമിക്രി കലാകരാൻ ഉല്ലാസ് പന്തളം എന്നിവർ നയിക്കുന്ന സൂപ്പർ മെഗാഷോ ഉണ്ടായിരിക്കും.

(പി.എൻ.എ. 1961/17)

## //അവസാനിച്ചു//